പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

18.12.2014 -ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4837.

## ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരം പിടിക്കപ്പെട്ട കേസ്സുകൾ

ചോദ്യം

ശ്രീ.പി. തിലോത്തമൻ

ഉത്തരം

ശ്രീ.അനൂപ് ജേക്കബ്
(ഭക്ഷ്യവും പൊതുവിതരണവും
ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഉപഭോക്തൃ സംരക്ഷണ നിയമ പ്രകാരം ഈ സർക്കാർ കാല യളവിൽ പിടിക്കപ്പെട്ട കേസ്സു കൾ എത്രയാണെന്നും അവയിൽ എത്ര കേസുകളിൽ കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടു എന്നും വ്യക്ത മാക്കുമോ ; | (എ) | ഈ സർക്കാർ കാലയളവിൽ ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരം സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലും ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലുമായി ആകെ 22,280 കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടുകയും അതിൽ 9967 കേസ്സുകളിൽ ഉപഭോക്താവിന് അനുകൂലമായി വിധി നിർണ്ണയിക്കപ്പെട്ടു കയോ/കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടുകയോ ചെയ്തിട്ടുണ്ട്. |
| (ബി) | ഉപഭോക്താവിന് ലഭിക്കുന്ന സേവനങ്ങളും വസ്തുക്കളും കുറ്റമറ്റ താക്കുവാനും ന്യായമാക്കുവാനും എന്തെല്ലാം മുൻകരുതലുകൾ എടുത്തിട്ടുണ്ടെന്ന് പറയുമോ; | (ബി) | ഉപഭോക്താവിന് ലഭ്യമാകുന്ന സേവനങ്ങളും വസ്തുക്കളും കുറ്റമറ്റതാക്കുവാനും ന്യായമാക്കു വാനും വിവരാവകാശനിയമം, സേവനാ വകാശ നിയമം എന്നിവ നടപ്പിലാക്കി യിട്ടുണ്ട്. ഇത് പ്രാബല്യത്തിൽ വരുത്തു ന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥന് പിഴ ചുമത്തുന്നതുൾപ്പെടെയുള്ള ശിക്ഷാനടപടികൾ നിലവിലുണ്ട്. കൂടാതെ ഉപഭോക്താവ് കബളിപ്പിക്കപ്പെട്ടാൽ സംസ്ഥാനത്ത് 14 ജില്ലകളിലും പ്രവർത്തിച്ച് വരുന്ന ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങൾ മുഖേന 20 ലക്ഷം രൂപ വരെയുള്ളതും 20 ലക്ഷത്തിനു മുകളിൽ 1 കോടി രൂപവരെ സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലും അതിന് മുകളിൽ വരുന്നവ ദേശീയ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മുഖേനയും നഷ്ടപരിഹാരം നേടുവാൻ കഴിയുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ഉപഭോക്താവ് വാങ്ങുന്ന വസ്തുക്കൾ മായം കലർന്നവയെന്നോ അന്യായ വില ചുമത്തപ്പെട്ടതെന്നോ കൃത്യമായ അളവില്ലാത്തതെന്നോ അതുപോലെ സേവനങ്ങൾ ശരിയായ രീതിയിൽ ലഭിക്കുന്നില്ലായെന്നോ ബോധ്യപ്പെട്ടാൽ പ്രസ്തുത അവസ്ഥയിൽ അടിയന്തര പരിഹാരം ഉണ്ടാക്കുവാൻ ബന്ധപ്പെടാവുന്ന ഒരു ടോൾ ഫ്രീ നമ്പർ ലഭിക്കുമോ; ഇത്തരം പരാതികളിൽ അടിയന്തര നടപടി സ്വീകരിയ്ക്കാൻ സംവിധാനം ഒരുക്കുമോ ? | (സി) | ഉപഭോക്തൃ പരാതികളെ കുറിച്ച് സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട 1800-425-1550 എന്ന ടോൾ ഫ്രീ നമ്പരും ഉപഭോക്താവ് വാങ്ങുന്ന ആഹാര പദാർത്ഥങ്ങളിൽ ആഹാരയോഗ്യമല്ലാത്തതും മായം കലർന്നതുമായി ബന്ധപ്പെട്ട പരാതികൾ അറിയിക്കുന്നതിന് ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിൽ 1800-425-1125 എന്ന ടോൾ ഫ്രീ നമ്പരും നിലവിലുണ്ട്. ഈ നമ്പരുകളിൽ വരുന്ന പരാതികളിന്മേൽ 5 ദിവസത്തിനകം പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.